# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3430 | 10.12.2018 ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ കശുമാവ് കൃഷി

**ചോദ്യം**

ശ്രീ.സി. കെ. ശശീന്ദ്രൻ

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വിശദീകരിക്കാമോ; | (എ) യും (ബി) യും | മുൻവർഷങ്ങളിൽ കെ.എസ്.എ.സി.സി പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ് എന്നീ പദ്ധതികൾ വഴി കർഷകർക്ക് സൗജന്യമായി ഗ്രാഫ്റ്റ് തൈകൾ നൽകിയിരുന്നു. കൂടാതെ കശുമാവ് കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പരസ്യങ്ങൾ കൊടുത്തിരുന്നു. കൂടാതെ 09.01.2018 ന് മാനന്തവാടിയിൽ വച്ച് കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുകയും പ്രസ്തുത പരിപാടിയിൽ 60 ൽ പരം കർഷകർ പങ്കെടുക്കുകയും ചെയ്തു. ഈ വർഷം കെ.എസ്.എ.സി.സി. 38,850 കശുമാവ് ഗ്രാഫ്റ്റ് തൈകൾ വയനാട് ജില്ലയിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ